"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ല - വലിയങ്ങാടിയിൽ കെട്ടിടത്തിന്റെ സ്ലാബ് തകർന്നുണ്ടായ അപകടം നിമിത്തം മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായവും പരിക്കേറ്റയാളുടെ ചികിത്സാച്ചെലവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

**സ.ഉ.(കൈ) നം.164/2026/RD തീയതി,തിരുവനന്തപുരം, 15-03-2026**

---

പരാമർശം:- കോഴിക്കോട് ജില്ലാ കളക്ടറുടെ 12.03.2026-ലെ DCKKD/1979-2026-F2 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വലിയങ്ങാടിയിൽ 23/02/2026-ന് പഴയ പാസ്പോർട്ട് ഓഫീസ് കെട്ടിടത്തിന്റെ സ്ലാബ് തകർന്നുണ്ടായ അപകടത്തിൽ നാലു പേർ മരണപ്പെട്ടതായും ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റതായും അപകടത്തിൽപ്പെട്ടവർ സാധാരണ കുടുംബങ്ങളിൽ നിന്നുള്ളവരും നിത്യവൃത്തിക്ക് പ്രയാസപ്പെടുന്നവരുമാണെന്നും ആകസ്മികമായുണ്ടായ ദുരന്തം പ്രസ്തുത കുടുംബങ്ങളെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടുണ്ടെന്നും, ആയതിനാൽ പ്രസ്തുത അപകടത്തിൽ മരണപ്പെട്ട ബഷീർ വി. (64 വയസ്സ്), മല്ലശ്ശേരി താഴെ, കോങ്ങന്നൂർ; അഷറഫ് (57 വയസ്സ്), കൊട്ടുവമ്പത്ത് താഴെകുനി, കൊളക്കാട്; ജബ്ബാർ വി.വി. (58 വയസ്സ്), ബൈത്തുൽ ഹുദ, മണൽപ്പാടം; വിനോദ് കെ. (55 വയസ്സ്) കിഴക്കെ കാഞ്ഞിരക്കണ്ടി ഹൌസ് തിരുവങ്ങൂർ കൊയിലാണ്ടി - എന്നിവരുടെ ആശ്രിതർക്കും പരിക്കേറ്റ് കോഴിക്കോട് ബീച്ച് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ശ്രീ. അബ്ദുൾ ജലീൽ കെ പി (കോയ) (59 വയസ്സ്) എന്നയാൾക്കും സർക്കാർ മാനദണ്ഡപ്രകാരമുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശ പ്രകാരം ജില്ലാ കളക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ വലിയങ്ങാടിയിൽ പഴയ പാസ്പോർട്ട് ഓഫീസ് കെട്ടിടത്തിന്റെ സ്ലാബ് തകർന്നുണ്ടായ അപകടത്തിൽ മരണപ്പെട്ട വ്യക്തികളുടെ [ബഷീർ വി. (64 വയസ്സ്), അഷറഫ് (57 വയസ്സ്), ജബ്ബാർ വി.വി. (58 വയസ്സ്), വിനോദ് കെ. (55 വയസ്സ്)]. ആശ്രിതർക്ക് 7 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ടും ഈ സംഭവത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ശ്രീ. അബ്ദുൾ ജലീൽ കെ. പി. (കോയ) (59 വയസ്സ്) എന്ന വ്യക്തിയുടെ ചികിത്സാ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിനും ഉത്തരവാകുന്നു.

3.മേൽ വിവരിച്ച ഇനത്തിൽ, മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ തുകയായ 28 ലക്ഷം രൂപ (7 ലക്ഷം രൂപ വീതം 4 പേരുടെ ആശ്രിതർക്ക്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് T.P. 80-ൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം ചെയ്ത ശേഷം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

4. ഈ സംഭവത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ശ്രീ. അബ്ദുൾ ജലീൽ കെ.പി. (കോയ) എന്ന വ്യക്തിയുടെ ചികിത്സാ ചെലവിനത്തിൽ ആവശ്യമായി വരുന്ന തുകയിന്മേൽ ജില്ലാ കളക്ടർ സർക്കാരിൽ ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ജില്ലാ കളക്ടർ, കോഴിക്കോട്.
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി.(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി).
പൊതുഭരണ (എസ്.സി.) വകുപ്പ്. (14.03.2026-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം.4011)
ധനകാര്യ(ഫണ്ട്സ്) വകുപ്പ്.
ദുരന്തനിവാരണ (ബി) വകുപ്പ്.(DMB3/29/2026-DMD ഫയൽ പ്രകാരം).
വിവര പൊതുജന (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (REV - DRF-A2/14/2026-REV).

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 15-03-2026 16:07:26
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.-എ2/14/2026/റവ. ഇനം നം: 4011

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കോഴിക്കോട് ജില്ല - വലിയങ്ങാടിയിൽ കെട്ടിടത്തിന്റെ സ്ലാബ് തകർന്നുണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായവും പരിക്ക് പറ്റിയ ഒരാളുടെ ചികിത്സാച്ചെലവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. മരണപ്പെട്ടവരുടെ ഓരോരുത്തരുടെയും കുടുംബത്തിന് ഏഴ് ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിനും, പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നയാളുടെ ചികിത്സാച്ചെലവ് സർക്കാർ വഹിക്കുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

4011

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിലുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | റവ-ഡി.ആർ.എഫ്.എ 2/ 14/ 2026-റവ. |
| 2. | വകുപ്പ് | : | റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ് |
| 3. | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോഴിക്കോട് ജില്ല - വലിയങ്ങാടിയിൽ കെട്ടിടത്തിന്റെ സ്ളാബ് തകർന്നുണ്ടായ അപകടത്തിൽ മരണപ്പെട്ട അഞ്ചുപേരുടെ ആശ്രിതർക്കുള്ള ധനസഹായവും പരിക്ക്പറ്റിയ ഒരാളുടെ ചികിത്സാ ചെലവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 13.03.2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ<br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ജയശ്രീ.റ്റി.കെ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 14.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ജില്ലയിലെ വലിയങ്ങാടിയിൽ 23/02/2026-ന് കെട്ടിടത്തിന്റെ സ്ളാബ് തകർന്നുണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റ ചികിത്സയിൽ കഴിയുന്ന വ്യക്തിയ്ക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കോഴിക്കോട് ജില്ലയിലെ വലിയങ്ങാടിയിൽ 23/02/2026-ന് നടന്ന കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ അഞ്ചുപേർ ഉൾപ്പെട്ടുകയും, പ്രാഥമിക പരിശോധനയിൽ നാലു പേർ മരണപ്പെട്ടതായും ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റതായും സ്ഥിരീകരിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ടവർ സാധാരണ കുടുംബങ്ങളിൽ നിന്നുള്ളവരും നിത്യവൃത്തിക്ക് പ്രയാസപ്പെടുന്നവരുമാണ്. ആകസ്മികമായുണ്ടായ ദുരന്തം പ്രസ്തുത കുടുംബങ്ങളെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ കോഴിക്കോട് ജില്ലയിലെ വലിയങ്ങാടിയിലുള്ള പഴയ പാസ്പോർട്ട് ഓഫീസ് കെട്ടിടത്തിന്റെ സ്ലാബ് തകർന്നുണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്കും സർക്കാർ മാനദണ്ഡപ്രകാരമുള്ള അടിയന്തര സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ എത്രയുംവേഗം സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട് വാലിയങ്ങാടി അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്കും, പരിക്കേറ്റ ചികിത്സയിൽ ഉള്ള വ്യക്തിക്കും താത്കാലിക സാമ്പത്തിക സഹായം നൽകാനുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കോഴിക്കോട് ജില്ലാ കലക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലാ കളക്ടറുടെ വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.

4) മരണപ്പെട്ടവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

1. ബഷീർ വി. (64 വയസ്സ്), മല്ലശ്ശേരി താഴെ, കോങ്ങനൂർ.
2. അഷറഫ് (57 വയസ്സ്), കൊട്ടുവമ്പത്ത് താഴെകുനി, കൊളക്കാട്.
3. ജബ്ബാർ വി.വി. (58 വയസ്സ്), ബൈത്തുൽ ഹുദ, മണൽപ്പാടം.
4. വിനോദ് കെ. (55 വയസ്സ്) കിഴക്കെ കാഞ്ഞിരക്കണ്ടി ഹൌസ് തിരുവങ്ങൂർ കൊയിലാണ്ടി.

പരിക്കേറ്റ വ്യക്തി ശ്രീ. അബ്ദുൾ ജലീൽ കെ പി (കോയ) (59 വയസ്സ്) കോഴിക്കോട് ബീച്ച് ആശുപത്രിയിൽ ചികിത്സയിലാണ്.

5) എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിലുണ്ടായ അപകടങ്ങൾക്ക് മാത്രമേ സാമ്പത്തിക സഹായം അനുവദിയ്ക്കാനാവുകയുള്ളൂ എന്ന

കാരണത്താലാണ് ദുരന്ത നിവാരണ വകുപ്പ് ഈ വിഷയം പരിശോധിക്കുന്നതിനായി ഡി.ആർ.എഫ്. (എ) വകുപ്പിന് ഫയൽ കൈമാറുകയായിരുന്നു.

6) കോഴിക്കോട് ജില്ലയിലെ വലിയങ്ങാടിയിലുള്ള പഴയ പാസ്പോർട്ട് ഓഫീസ് കെട്ടിടത്തിന്റെ സ്ലാബ് തകർന്നുണ്ടായ അപകടം നിമിത്തം മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നയാൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതു സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കോഴിക്കോട് ജില്ലയിലെ വലിയങ്ങാടിയിൽ 23/02/2026-ന് നടന്ന കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ മരണപ്പെട്ടയാളുകളുടെ [ബഷീർ വി. (64 വയസ്സ്), മല്ലശ്ശേരി താഴെ, കോങ്ങന്നൂർ., അഷറഫ് (57 വയസ്സ്), കൊട്ടുവമ്പത്ത് താഴെകുനി, കൊളക്കാട്, ജബ്ബാർ വി.വി. (58 വയസ്സ്), ബൈത്തുൽ ഹുദ, മണൽപ്പാടം., വിനോദ് കെ. (55 വയസ്സ്) കിഴക്കെ കാഞ്ഞിരക്കണ്ടി ഹൌസ് തിരുവങ്ങൂർ കൊയിലാണ്ടി.] ആശ്രിതർക്കും, പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ശ്രീ. അബ്ദുൾ ജലീൽ കെ പി (കോയ) (59 വയസ്സ്)-ക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ? എങ്കിൽ എത്ര തുക??

കലക്ടറേറ്റ്,കോഴിക്കോട്
തീയതി:12-03-2026
dmcellkozhikode@gmail.com

ജില്ലാ കലക്ടർ
കോഴിക്കോട്

പ്രിൻസിപ്പൽ സെക്രട്ടറി
റവന്യൂ (ദുരന്തനിവാരണ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ.

വിഷയം: ദുരന്തനിവാരണം കോഴിക്കോട് നഗരം വില്ലേജ് - വലിയങ്ങാടിയിൽ കാലപ്പഴക്കത്താൽ ജീർണിച്ച കെട്ടിടത്തിന്റെ സ്ലാബ് തകർന്നുണ്ടായ അപകടം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കുംഅടിയന്തരധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 12/03/25 തീയ്യതിയിലെ DMB3/29/2026-DMD നം കത്ത്

2.തഹസിൽദാർ കോഴിക്കോടിൻ്റെ 11/03/26 തീയ്യതിയിലെ TLKKD/940/2026J3 നം കത്ത്

3.സെക്രട്ടറി കോഴിക്കോട് കോർപ്പറേഷൻ്റ 04/03/26 തീയ്യതിയിലെ 1507460/2026 നം കത്ത്

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.സൂചന(1) കത്തിലെ നിർദ്ദേശപ്രകാരം, കോഴിക്കോട് വലിയങ്ങാടിയിലെ പഴയ പാസ്പോർട്ട് ഓഫീസ് കെട്ടിടത്തിന്റെ സ്ലാബ് തകർന്നുണ്ടായ അപകടത്തെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് താഴെ പറയുന്ന പ്രകാരം സമർപ്പിക്കുന്നു: കോഴിക്കോട് താലൂക്ക്, നഗരം വില്ലേജ്, വലിയങ്ങാടിയിൽ പഴയ പാസ്പോർട്ട് ഓഫീസ് പ്രവർത്തിച്ചു കൊണ്ടിരുന്നതും കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ സ്ഥിതി ചെയ്യുന്നതുമായിരുന്ന കെട്ടിടത്തിന്റെ സ്ലാബ് 23/02/2026-ന് തകർന്നുണ്ടായ അപകടത്തിൽ കെട്ടിടത്തിന്റെ വരാന്തയിൽ വിശ്രമിച്ചു കൊണ്ടിരുന്ന അഞ്ചുപേർ ഉൾപ്പെടുകയും, അതിൽ നാലു പേര് മരണപ്പെടുകയും ഒരാൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ടെന്നു സൂചന(2)പ്രകാരം തഹസിൽദാർ കോഴിക്കോട് റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

മരണപ്പെട്ടവരുടെ വിവരങ്ങൾ:
1.ബഷീർ വി. (64 വയസ്സ്), മല്ലശ്ശേരി താഴെ, കോങ്ങന്നൂർ.
2.അഷറഫ് (57 വയസ്സ്), കൊടുവമ്പത്ത് താഴെകുനി, കൊളക്കാട്.
3.ജബ്ബാർ വി.വി. (58 വയസ്സ്), ബൈത്തുൽ ഹുദ, മണൽപ്പാടം.
4.വിനോദ് കെ .55 വയസ്സ് കിഴക്കെ കാഞ്ഞിരക്കണ്ടി ഹൌസ് തിരുവങ്ങൂർ കൊയിലാണ്ടി.
പരിക്കേറ്റയാളുടെ വിവരങ്ങൾ

ശ്രീ. അബ്ദുൾ ജലീൽ കെ.പി.(കോയ) (59 വയസ്സ്) പട്ടർത്തൊടി പയ്യാനക്കൽ,കല്ലായ് കോഴിക്കോട്- .

സൂചന (3) പ്രകാരം കോഴിക്കോട് കോർപ്പറേഷൻ്റെ ഉടമസ്ഥതയിലുള്ള വലിയങ്ങാടിയിലെ പഴയ പാസ്പോർട്ട് ഓഫീസ് കെട്ടിടത്തിന് 40 വർഷത്തിലേറെ പഴക്കമുള്ളതാണെന്നും. കോർപ്പറേഷന്റെ കാലപ്പഴക്കമുള്ള 16 കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ലിഫ്റ്റ്. പാർക്കിംഗ് എന്നിവ

ഉൾപ്പെടുത്തി കൂടുതൽ സൗകര്യപ്രദമായ രീതിയിൽ പുതിയ മാതൃകയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 18.10.2022 തിയതിയിലെ 124-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഓരോ കെട്ടിടങ്ങൾക്കും പ്രത്യേകമായി ഡി.പി.ആർ. ക്ഷണിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും എന്നാൽ ഡി.പി.ആർ. തയ്യാറാക്കൽ നടപടികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ലായെന്നും പഴയ പാസ്പോർട്ട് ഓഫീസ് കെട്ടിടത്തിലെ (ബിഗ് ബസാർ ) 9, 10, 11, നമ്പർ മുറികൾ നിലവിലുള്ള ലൈസൻസി ഒഴിഞ്ഞതിനാൽ കാലപ്പഴക്കം കാരണം ടി മുറികൾ പുതിയതായി ലേലം ചെയ്യേണ്ടതില്ല എന്ന് 10.02.2025 തിയതിയിൽ ചേർന്ന ധനകാര്യ സ്ഥിരം സമിതിയുടെ 108-ാം നമ്പർ പ്രകാരം ശുപാർശ ചെയ്യുകയും 27.08,2025 തിയതിയിലെ കൗൺസിലിന്റെ 28-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത ശുപാർശ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണെന്നും ആയതുപ്രകാരം പ്രസ്തുത കെട്ടിടത്തിൽ ഒഴിവുള്ള യാതൊരു മുറികളും പിന്നീട് നൽകിയിട്ടില്ലാത്തതുമാണെന്നും. നിലവിൽ തുടർന്നു വരുന്ന ലൈസൻസികളെ ഒഴിപ്പിക്കുന്നതിനോ പ്രസ്തുത കെട്ടിടം പൊളിച്ചു മാറ്റുന്നത് സംബന്ധിച്ചോ കൗൺസിൽ തീരുമാനമെടുത്തിട്ടില്ലാത്തതാണെന്നും. ആയതിനാലാണ് നിലവിവുള്ള ലൈസൻസികളെ ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകാതിരുന്നതെന്നും. അപകടത്തിന്റെ സാഹചര്യത്തിൽ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിക്കായി 06.03.2026 ലെ മരാമത്ത് സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി വിഷയം സമർപ്പിച്ചിട്ടുള്ളതാണെന്നും കെട്ടിടത്തിലെ 4-00 നമ്പർ മുറിയുടെ ലൈസൻസ് നമ്പർ ഫീസ് വർദ്ധനവിനെതിരെ ബഹു.ട്രിബ്യൂണൽ മുമ്പാകെ IA NO.1651/2015 RP NO.1116/15,IA 1852/19 IN APPEAL NO.845/19 നിലനിൽക്കുന്നതിനാൽ 1, 3, 4, 5, 6എ) നമ്പർ മുറികളുടെ ലൈസൻസാവകാശം പുതുക്കി അനുവദിച്ചിട്ടില്ലാത്തതും കേസുകളിൽ കെട്ടിട മുറി ഒഴിപ്പിക്കുന്നതിൽ സ്റ്റേ ഉണ്ടായിരുന്നതുമാണെന്നും ഈ സാഹചര്യത്തിലാണ് മുറികൾ ഒഴിപ്പിക്കാൻ സാധിക്കാതിരുന്നതെന്നും സെക്രട്ടറി കോഴിക്കോട് കോർപ്പറേഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

ആയതിനാൽ അപകടത്തിൽപ്പെട്ട കെട്ടിടം കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിച്ച് ഉപയോഗയോഗ്യമല്ലെന്ന് കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണെന്നും .ടി കെട്ടിടം തകർന്നു വീണത് പ്രകൃതി ക്ഷോഭം മൂലമല്ലെന്നും കാലപ്പഴക്കത്താൽ ഉണ്ടായ ജീർണ്ണതയും ബലക്ഷയവും മൂലമാണെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന വിവരം അങ്ങയെ അറിയിക്കുന്നു.

അപകടത്തിൽപ്പെട്ടവർ സാധാരണ കുടുംബങ്ങളിൽ നിന്നുള്ളവരും നിത്യവൃത്തിക്ക് പ്രയാസപ്പെടുന്നവരുമാണ്. ആകസ്മികമായുണ്ടായ ദുരന്തം പ്രസ്തുത കുടുംബങ്ങളെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ആയതിനാൽ, മരണപ്പെട്ടവരുടെആശ്രിതർക്കും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്കും സർക്കാർ മാനദണ്ഡപ്രകാരമുള്ള അടിയന്തര സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ
ഡെ.ക(ദുരന്തനിവാരണം)
ജില്ലാകളക്ടർക്കു വേണ്ടി

"This document is electronically approved in eOffice by REKHA M on 12-03-2026. Hence it does not require signature in ink"

Digitally signed by
REKHA M
Date: 12-03-2026
13:33:53